"ഭരണഭാഷ മാതൃഭാഷ"

**നം.ഡി(6)/37754/2018/ഡി.പി.ഐ.**

പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം,
തീയതി: 11..06..2018.

പൊതുവിദ്യാഭ്യാസ ഡയറക്ടർ,
തിരുവനന്തപുരം.

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും.

സർ,

വിഷയം:- പൊതുവിദ്യാഭ്യാസം - ജീവനക്കാര്യം - പി.എ. ടു ഡി.ഇ.ഒ. തസ്തികയിലെ നിയമനം - കോൺഫിഡൻഷ്യൽ റിപ്പോർട്ട് - സംബന്ധിച്ച്.

സൂചന:- 1) 16-02-2018-ലെ പൊ.വി./സി3/131/2017 നമ്പർ സർക്കുലർ.
2) 11-10-2017 ലെ ഡി6/72300/2017/ഡി.പി.ഐ. നമ്പർ സർക്കുലർ.
3) 03-02-2017 ലെ ഡി1/72500/2016/ഡി.പി.ഐ. നമ്പർ ഉത്തരവ്.

****

പൊതു വിദ്യാഭ്യാസ വകുപ്പിലെ രണ്ടാം ഗസറ്റഡ് തസ്തികയായ പി.എ. ടു. ഡി.ഇ.ഒ തസ്തികയിലേയ്ക്ക് സ്പെഷ്യൽ റൂൾ പ്രകാരം നിയമനം നടത്തുന്നതിനായി സൂചന (1) പ്രകാരം സർക്കാർ നിർദ്ദേശം ലഭിക്കുകയുണ്ടായി. ആകയാൽ പ്രസ്തുത തസ്തികയിലേയ്ക്കുള്ള സ്ഥാനക്കയറ്റത്തിനായി ഡി.പി.സി.(ഹയർ) ചേർന്ന് സെലക്ട് ലിസ്റ്റ് തയ്യാറാക്കേണ്ടതുണ്ട്. ഈ സാഹചര്യത്തിൽ സൂചന (3) പ്രകാരം പ്രസിദ്ധീകരിച്ച 2015-16 കാലയളവിലെ സീനിയർ സൂപ്രണ്ട് സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെട്ട അവസാന റാങ്ക് വരെയുള്ളവരുടെയും അതോടൊപ്പം മുൻകാല സീനിയർ സൂപ്രണ്ട് സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെട്ട് ഇതുവരെയും അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്/അക്കൗണ്ട്സ് ഓഫീസർ/അസിസ്റ്റന്റ് പ്രോവിഡന്റ് ഫണ്ട് ഓഫീസർ സ്ഥാനക്കയറ്റം ലഭിക്കാത്തവരുടെയും (നിലവിൽ പി.എ. ടു ഡി.ഇ.ഒ. തസ്തികയിൽ തുടരുന്നവർ ഉൾപ്പെടെ) 01-01-2015 മുതൽ 31-12-2017 വരെയുള്ള മൂന്ന് വർഷത്തെ കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ വിദ്യാഭ്യാസ ഉപഡയറക്ടർമാർ ശേഖരിച്ച് ക്രോഡീകരിച്ച ലിസ്റ്റ് ഉൾപ്പെടെ 30-06-2018 ന് മുൻപായി പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിൽ നേരിട്ട് എത്തിക്കേണ്ടതാണ്.

സീനിയർ സൂപ്രണ്ട്, സമാന തസ്തികയിലുള്ളവരുടെ കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ സമർപ്പിക്കുമ്പോൾ പ്രസ്തുത തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം ലഭിച്ച തീയതി മുതലുള്ള കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ സമർപ്പിക്കുന്നതാണ് സാധാരണയായി കാണുന്നത്. എന്നാൽ വർഷാരംഭം മുതലുള്ള കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ ഡി.പി.സി.

(...2....)

മുൻപാകെ സമർപ്പിക്കേണ്ടതുണ്ട്. ആകയാൽ ജനുവരി ഒന്ന് മുതൽ സീനിയർ സൂപ്രണ്ട്/സമാന തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം ലഭിക്കുന്നതിന് തൊട്ട് മുൻപുള്ള ജൂനിയർ സൂപ്രണ്ട് കാലയളവിലെ കോൺഫിഡൻഷ്യൽ റിപ്പോർട്ട് ഉൾപ്പെടെയുള്ള കൃത്യമായ ഒരു വർഷത്തെ കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ സമർപ്പിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ സൂചന (2) ലെ പൊതു നിർദ്ദേശങ്ങൾക്കനുസൃതമായി തയ്യാറാക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

**ഡി.ലീന ലിറ്റി,**
**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ,**
**പൊതുവിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി**

പകർപ്പ്:-

1) എല്ലാ ഡയറ്റ് പ്രിൻസിപ്പാൾമാർക്കും.
2) സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ, എസ്.എസ്.എ. നന്ദാവനം, തിരുവനന്തപുരം.
3) ജോയിന്റ് കമ്മീഷണർ, പരീക്ഷാഭവൻ, പൂജപ്പുര, തിരുവനന്തപുരം.
4) ടെക്സ്റ്റ് ബുക്ക് ഓഫീസർ, പത്മവിലാസം, ഫോർട്ട്, തിരുവനന്തപുരം.
5) സി.എ. ടു ഡി.പി.ഐ., എ.ഡി.പി.ഐ.(ജനറൽ/അക്കാദമിക്), ജോയിന്റ് ഡയറക്ടർ, സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, സീനിയർ ഫിനാൻസ് ഓഫീസർ, സീനിയർ ലോ ഓഫീസർ.
6) എല്ലാ ആഫീസർമാർക്കും.
7) എല്ലാ സൂപ്രണ്ടുമാർക്കും - അറിവിലേയ്ക്കായി.

എ.റ്റി.11/6